REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 15-08-2025** **സമയം 12.30 PM**

## പ്രധാന വാർത്തകൾ

- രാജ്യം 79-ാമത് സ്വാതന്ത്ര്യദിനം ആഘോഷിക്കുന്നു. ന്യൂഡൽഹിയിലെ ചുവപ്പ് കോട്ടയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ദേശീയ പതാക ഉയർത്തി.
- രാജ്യത്തെ 140 കോടി ജനങ്ങളുടെ ദൃഢനിശ്ചയവും അഭിമാനവുമാണ് സ്വാതന്ത്ര്യദിനമെന്ന് പ്രധാനമന്ത്രി.
- തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ ദേശീയ പതാക ഉയർത്തി.
- ഇന്ന് ISRO-യുടെ 56-ാം സ്ഥാപക ദിനം.
- സംസ്ഥാനത്ത് മഴ ശക്തമായി തുടരുന്നു. ഇന്ന് കോഴിക്കോട്, മലപ്പുറം, തൃശൂർ, എറണാകുളം ജില്ലകളിൽ മഞ്ഞ ജാഗ്രത.

## വാർത്തകൾ വിശദമായി

രാജ്യം 79-ാമത് സ്വാതന്ത്ര്യദിനം ആഘോഷിക്കുന്നു. ന്യൂഡൽഹിയിലെ ചുവപ്പ് കോട്ടയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ദേശീയ പതാക ഉയർത്തി. സംസ്ഥാന തലസ്ഥാനങ്ങളിൽ മുഖ്യമന്ത്രിമാരും, ജില്ലാ ആസ്ഥാനങ്ങളിൽ മന്ത്രിമാരും ദേശീയ പതാക ഉയർത്തി പരേഡിന്റെ അഭിവാദ്യം സ്വീകരിച്ചു.

BJP യുടെയും, കോൺഗ്രസിന്റെയും, മറ്റു സംഘടനകളുടെയും ആഭിമുഖ്യത്തിലും സ്വാതന്ത്ര്യദിനാഘോഷ ചടങ്ങുകൾ സംഘടിപ്പിച്ചിരുന്നു.

✪✪✪

രാജ്യത്തെ 140 കോടി ജനങ്ങളുടെ ദൃഢനിശ്ചയവും അഭിമാനവുമാണ് സ്വാതന്ത്ര്യദിനമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. ഇന്ന് എല്ലാ മേഖലയിലും രാജ്യം മുൻപന്തിയിലേക്ക് വരികയാണ്. ലോകത്തെ മൂന്നാം വൻ സമ്പദ് വ്യവസ്ഥയായി രാജ്യം വളരെവേഗം മുന്നേറുകയാണെന്നും

പ്രധാനമന്ത്രി പറഞ്ഞു. അമൃതകാലത്തിലൂടെ സഞ്ചരിക്കുന്ന രാജ്യം സാങ്കേതികവിദ്യ, ആണവോർജം തുടങ്ങി എല്ലാ പാതയിലും വികസനം നേടിക്കൊണ്ടിരിക്കുന്നു. ആണവശേഷി പത്തിരട്ടി വർധിച്ചതായി പ്രധാനമന്ത്രി പറഞ്ഞു.

....(PM HOLD)......

✪✪✪

രാജ്യരക്ഷാ മേഖലയിലെ ഇന്ത്യയുടെ സ്വയംപര്യാപ്തതയും ശക്തിയും ഓപ്പറേഷൻ സിന്ദൂറിലൂടെ തെളിയിച്ചതായി ചുവപ്പു കോട്ടയിലെ സ്വാതന്ത്ര്യ ദിന പ്രസംഗത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി വ്യക്തമാക്കി. പഹൽഗാം ഭീകരാക്രമണത്തിൽ തിരിച്ചടി നല്കാൻ ഓപ്പറേഷൻ സിന്ദൂറിലൂടെ പ്രയത്നിച്ച എല്ലാ സേനാംഗങ്ങൾക്കും അദ്ദേഹം അഭിവാദ്യം അർപ്പിച്ചു.

ഇന്ത്യക്ക് നേരെ പാകിസ്ഥാൻ ഉയർത്തുന്ന ആണവായുധ ഭീഷണി വിലപ്പോവില്ലെന്ന് പറഞ്ഞ പ്രധാനമന്ത്രി സിന്ധു നദീജല കരാർ പുനഃപരിശോധിക്കുന്നതിന് സാധ്യതയില്ലെന്നും വ്യക്തമാക്കി . രാജ്യത്തിന്റെ സുരക്ഷ സംവിധാനം ശക്തമാക്കുന്നതിന് മിഷൻ സുദർശൻ ചക്ര ആരംഭിക്കുമെന്ന് അദ്ദേഹം അറിയിച്ചു.

ഡെസ്ക്ക് റിപ്പോർട്ട്

.......(വോയ്സ്)....

അടുത്ത തലമുറ ചരക്ക് സേവന നികുതി പരിഷ്കാരങ്ങൾ ഇത്തവണത്തെ ദീപാവലിക്ക് അവതരിപ്പിക്കുമെന്ന് പ്രധാനമന്ത്രി പറഞ്ഞു. എട്ട് വർഷം മുൻപ് അവതരിപ്പിച്ച GST സംവിധാനം പുനഃപരിശോധിക്കേണ്ട സമയമാണിത്. നാരി ശക്തി ഉറപ്പ് വരുത്താൻ മികച്ച പ്രവർത്തനങ്ങളാണ് നടത്തി വരുന്നതെന്നും, യുവാക്കൾ സ്ത്രീകൾ തുടങ്ങി എല്ലാ വിഭാഗം ജനങ്ങളെയും ഒന്നിച്ച് കൊണ്ടുപോകാൻ കഴിഞ്ഞുവെന്നും പ്രധാനമന്ത്രി വിശദീകരിച്ചു. ചടങ്ങിൽ കേന്ദ്രമന്ത്രിമാരും വിശിഷ്ടവ്യക്തികളും ക്ഷണിക്കപ്പെട്ട അതിഥികളും പങ്കെടുത്തു.

ജനങ്ങളിൽ ദേശാഭിമാനവും രാജ്യസ്നേഹവും വർദ്ധിപ്പിക്കാൻ ഇത്തവണ വൈകിട്ട് ഓപ്പറേഷൻ സിന്ദൂർ വിജയം ഉദ്ഘോഷിക്കുന്ന പ്രത്യേക ബാന്റ് വാദ്യ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. കര - നാവിക - വ്യോമസേനയും അർദ്ധസൈനിക വിഭാഗങ്ങളുമാണ് രാജ്യത്തെ 140 കേന്ദ്രങ്ങളിൽ ബാന്റ് വാദ്യം അവതരിപ്പിക്കുന്നത്.

✪✪✪

രാഷ്ട്രപതി ദ്രൗപതി മുർമു ദേശീയ യുദ്ധസ്മാരകത്തിൽ, മൺമറഞ്ഞ ധീരസേനാനികൾക്ക് ശ്രദ്ധാഞ്ജലി അർപ്പിച്ചു. സംയുക്ത സൈനിക മേധാവി ജനറൽ അനിൽ ചൗഹാനും, മൂന്ന് സേനാ തലവൻമാരും, രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗും, സഹമന്ത്രി സഞ്ജയ് സേത്തും രാഷ്ട്രപതിക്കൊപ്പമുണ്ടായിരുന്നു.

✪✪✪

പ്രധാനമന്ത്രിയുടെ സ്വാതന്ത്ര്യദിന പ്രസംഗം ഇന്ത്യയുടെ വികസനത്തിലേക്ക് നീളുന്ന ദിശാരേഖയാണെന്ന് കേന്ദ്രമന്ത്രി അമിത്ഷാ അഭിപ്രായപ്പെട്ടു. കഴിഞ്ഞ 11 വർഷത്തെ ഗവൺമെന്റിന്റെ നേട്ടങ്ങൾ ഐശ്വര്യപൂർണമായ ഭാവിയ്ക്ക് വഴിതുറക്കുമെന്നും അമിത്ഷാ എക്സ് പോസ്റ്റിൽ കുറിച്ചു. ദേശീയ സുരക്ഷയ്ക്ക് മോദി ഗവൺമെന്റ് പ്രതിബദ്ധമാണ്. ഭീകരതയെ തുടച്ചുനീക്കുന്ന ഓപ്പറേഷൻ സിന്ദൂറും അടിസ്ഥാനമേഖലയെ സുരക്ഷിതമാക്കുന്ന മിഷൻ സുദർശൻ ചക്രവും, നുഴഞ്ഞുകയറ്റക്കാരെ നിയന്ത്രിക്കുന്ന ഉന്നത തല ഡെമോഗ്രഫി മിഷനും ഗവൺമെന്റ് നടപ്പാക്കി വരികയാണെന്ന് അമിത്ഷാ പോസ്റ്റിൽ അറിയിച്ചു.

✪✪✪

79-ാം സ്വാതന്ത്ര്യദിനാഘോഷ വേളയിൽ കേരളത്തിലെ എല്ലാ ജനങ്ങൾക്കും ലോകത്തെ മുഴുവൻ മലയാളികൾക്കും ഗവർണർ രാജേന്ദ്ര വിശ്വനാഥ ആർലേക്കർ സ്വാതന്ത്ര്യദിന ആശംസകൾ നേർന്നു. രാജ്യപുരോഗതിയ്ക്കായി ഒരുമിച്ച് പ്രവർത്തിക്കണമെന്ന് സ്വാതന്ത്രദിന സന്ദേശത്തിൽ ഗവർണർ പറഞ്ഞു.

✪✪✪

തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ ദേശീയ പതാക ഉയർത്തി. രാജ്യത്തിന്റെ താഴെത്തട്ടിലെ ജനതയുടെ പ്രശ്നങ്ങൾ മനസ്സിലാക്കി അവയ്ക്ക് പരിഹാരം കണ്ടാൽ മാത്രമെ വികസനം പൂർണ്ണമാകൂ എന്ന് മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു. സ്വാതന്ത്ര്യത്തിൽ സ്വപ്നം കണ്ട പട്ടിണിയും, നിരക്ഷരതയും, വിവേചനങ്ങളും ഇല്ലാത്ത രാജ്യത്തിനു വേണ്ടി പുനരർപ്പണം ചെയ്യാൻ മുഖ്യമന്ത്രി ജനങ്ങളെ ആഹ്വാനം ചെയ്തു. മഹാത്മാഗാന്ധിയുടെ ദർശനങ്ങൾ ഉൾക്കൊണ്ട് നടത്തിയ കൂട്ടായ പോരാട്ടത്തിലൂടെയാണ് ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിച്ചതെന്നും, അതിന്റെ വർണപ്പൊലിമയിൽ പങ്കെടുക്കാതെ ഇരുളടഞ്ഞ ഗലികളിലേക്ക് നടക്കാനാണ് മഹാത്മജി ഇഷ്ടപ്പെട്ടതെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു.

വിശിഷ്ട സേവനത്തിന് രാഷ്ട്രപതിയുടെ പൊലീസ് മെഡലുകൾ, ഫയർ സർവ്വീസ് മെഡലുകൾ, കറക്ഷനൽ സർവ്വീസ് മെഡലുകൾ, ജീവൻ രക്ഷാപതക്കങ്ങൾ എന്നിവ മുഖ്യമന്ത്രി ചടങ്ങിൽ സമ്മാനിച്ചു.

നിയമസഭാങ്കണത്തിൽ സ്പീക്കർ A.N ഷംസീർ ദേശീയ പതാക ഉയർത്തി. തുടർന്ന് വാച്ച് ആന്റ് വാർഡ് സേനയുടെ ഗാർഡ് ഓഫ് ഓണർ സ്പീക്കർ സ്വീകരിച്ചു.

✪✪✪

ജില്ലകളിലെ സ്വാതന്ത്ര്യദിനാഘോഷ പരിപാടികളിൽ മന്ത്രിമാർ ദേശീയ പതാക ഉയർത്തി. പാലക്കാട്ട് MB രാജേഷും, ആലപ്പുഴയിൽ സജി ചെറിയാനും, ഇടുക്കിയിൽ റോഷി അഗസ്റ്റിനും,, കൊല്ലത്ത് V ശിവൻകുട്ടിയും പതാക ഉയർത്തി പരേഡിന്റെ അഭിവാദ്യം സ്വീകരിച്ചു.

പൊലീസ്, എക്സൈസ്, NCC, സ്കൗട്ട്സ് ആൻഡ് ഗൈഡ്സ്, റെഡ് ക്രോസ്, SPC തുടങ്ങിയവയുടെ പ്ലാറ്റുണുകൾ പരേഡുകളിൽ പങ്കെടുത്തു.

✪✪✪

വൈവിധ്യങ്ങളെ അതേപടി ഉൾക്കൊള്ളുന്ന വിശാലമായ കാഴ്ചപ്പാട് ഉയർത്തിപ്പിടിക്കലാണ് സ്വാതന്ത്ര്യ സമര പോരാളികൾക്ക് നൽകാൻ കഴിയുന്ന ഏറ്റവും വലിയ ആദരവെന്ന് മന്ത്രി. P.A മുഹമ്മദ് റിയാസ് പറഞ്ഞു. കോഴിക്കോട്ട് ദേശീയ പതാക ഉയർത്തിയശേഷം സംസാരിക്കുകയായിരുന്നു മന്ത്രി.

✪✪✪

രാജ്യത്ത് ബഹുസ്വരതയും സമത്വവും സഹിഷ്ണുതയും ജനാധിപത്യവുമാണ് ഊട്ടിയുറപ്പിക്കേണ്ടതെന്ന് മന്ത്രി K രാജൻ പറഞ്ഞു. മലപ്പുറം MSP ഗ്രൗണ്ടിൽ സ്വാതന്ത്ര്യ ദിന പരേഡിന്റെ സല്യൂട്ട് സ്വീകരിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി.

✪✪✪

രാജ്യത്തിന്റെ അമൂല്യമായ സ്വാതന്ത്ര്യം നേടിയെടുക്കുന്നതിനായി ജീവത്യാഗം ചെയ്ത സ്വാതന്ത്ര്യസമര സേനാനികളെ സ്മരിക്കേണ്ട അവസരമാണ് ഓരോ സ്വാതന്ത്ര്യ ദിനവുമെന്ന് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി പറഞ്ഞു. കണ്ണൂർ കലക്ടറേറ്റ് മൈതാനിയിലെ സ്വാതന്ത്ര്യദിനാഘോഷ ചടങ്ങിൽ ദേശീയ പതാക ഉയർത്തി സംസാരിക്കുകയായിരുന്നു മന്ത്രി.

✪✪✪

ലക്ഷദ്വീപിലെ എല്ലാ ദ്വീപുകളിലും സ്വാതന്ത്ര്യ ദിനം വിപുലമായി ആഘോഷിച്ചു. അന്ത്രോത്ത് ദീപിൽ അഡ്മിനിസ്ട്രേറ്റിവ് സെക്രട്ടറി ഗൗരവ് സിംഗ് രജാവത്ത് ദേശീയ പതാക ഉയർത്തി പരേഡിനെ അഭിവാദ്യം ചെയ്തു.

✪✪✪

സ്വാതന്ത്ര്യ ദിനാഘോഷങ്ങളുടെ ഭാഗമായി BJP തിരുവനന്തപുരം സംസ്ഥാന കാര്യാലയത്തിൽ ആഘോഷ പരിപാടികൾ സംഘടിപ്പിച്ചു. പാർട്ടി ദേശീയ നിർവ്വാഹക സമിതി അംഗം P.K കൃഷ്ണദാസ് ദേശീയ പതാക ഉയർത്തി.

✪✪✪

KPCCയുടെ നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി സ്വാതന്ത്ര്യദിനാഘോഷം സംഘടിപ്പിച്ചു. KPCC പ്രസിഡന്റ് സണ്ണി ജോസഫ് കണ്ണൂരിൽ ആഘോഷങ്ങൾക്ക് നേതൃത്വം നൽകി. തിരുവനന്തപുരം KPCC ആസ്ഥാനത്ത് മുൻ പ്രസിഡന്റ് VM സുധീരൻ ദേശീയപതാക ഉയർത്തി.

✪✪✪

സംസ്ഥാനത്ത് മഴ ശക്തമായി തുടരുന്നു. തിങ്കളാഴ്ച വരെ മിക്കയിടങ്ങളിലും മഴ പെയ്യുമെന്നാണ് കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ വിലയിരുത്തൽ. ഇന്ന് കോഴിക്കോട്, മലപ്പുറം, തൃശൂർ, എറണാകുളം ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. കാസർകോട്, കണ്ണൂർ, കോഴിക്കോട് ജില്ലകളിൽ നാളെയും മഞ്ഞ ജാഗ്രതയാണ്. കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യ ബന്ധനത്തിന് വിലക്കേർപ്പെടുത്തി.

✪✪✪

ജമ്മുകശ്മീരിലെ കിഷ്ത്വാർ ജില്ലയിൽ ഇന്നലെയുണ്ടായ വൻ മേഘവിസ്ഫോടനത്തിൽ മരിച്ചവരുടെ എണ്ണം 45 ആയി. മരണസംഖ്യ ഇനിയും ഉയർന്നേക്കുമെന്നാണ് സൂചന. നിരവധി ആളുകളെ കാണാതായി. 120 ലേറെ പേരെ രക്ഷപ്പെടുത്തി. ഇന്നലെ ഉച്ചകഴിഞ്ഞ് 12.25 ന് മചെയ്ൽമാതാ ക്ഷേത്രത്തിന് സമീപത്തായിരുന്നു ദുരന്തം. തീർത്ഥാടകരാണ് അപകടത്തിൽപ്പെട്ടവരിൽ ഏറിയപങ്കും. രണ്ട് CISF ജവാൻമാരും മരിച്ചവരിൽ ഉൾപ്പെടുന്നു. രക്ഷാ- ദുരിതാശ്വാസ പ്രവർത്തനങ്ങൾ തുടരുകയാണ്.

✪✪✪

മണിക്കൂറുകൾക്കുള്ളിൽ ചെക്കുകൾ ക്ലിയർ ചെയ്യുന്ന സംവിധാനം കൊണ്ടുവരാൻ റിസർവ് ബാങ്ക് തീരുമാനിച്ചു. രണ്ട് ഘട്ടങ്ങളായി നടപ്പാക്കുന്ന സംവിധാനത്തിന്റെ ഒന്നാം ഘട്ടം ഒക്ടോബർ നാലിന് ആരംഭിക്കും. രണ്ടാം ഘട്ടം ജനുവരി രണ്ടിനും തുടങ്ങും. ഇപ്പോൾ രണ്ട് പ്രവൃത്തി ദിവസങ്ങൾ വരെ സമയം എടുത്താണ് ചെക്കുകളുടെ ക്ലിയറിംഗ്.

✪✪✪

ഇന്ന് ISRO-യുടെ 56-ാം സ്ഥാപക ദിനം. രാജ്യത്തിന്റെ ബഹിരാകാശ ഗവേഷണ ദൗത്യങ്ങൾക്ക് സുപ്രധാന പങ്കുവഹിച്ച ISRO, 1969 ആഗസ്ത് 15-നാണ് സ്ഥാപിതമായത്. ഡോ. വിക്രം സാരാഭായ് ആയിരുന്നു ISRO യുടെ സ്ഥാപകൻ.

✪✪✪

**ഈ മാസം 30-ലെ  71-ാമത് നെഹ്റു ട്രോഫി വള്ളംകളിക്ക് കേന്ദ്ര ടൂറിസം മന്ത്രാലയം  50 ലക്ഷം രൂപ ധനസഹായം നൽകും.  വള്ളംകളി ഓൺലൈൻ ടിക്കറ്റ് വിൽപ്പന ഇന്നലെ  മന്ത്രി P പ്രസാദ് ഉദ്ഘാടനം ചെയ്തു. ടിക്കറ്റുകൾ ഇന്ന് മുതൽ ലഭ്യമാകും. നെഹ്റു ട്രോഫിബോട്ട് റേസ്  സൊസൈറ്റിയുടെ ഔദ്യോഗിക വെബ്സൈറ്റിലൂടെയാണ് ടിക്കറ്റ് വിൽപ്പന.**

✪✪✪

**ഇസ്രായേലിൽ ഗ്രാൻഡ് സ്ലാം ജറുസലേം അത്‌ലറ്റിക്സ് മീറ്റിൽ ഇന്ത്യയുടെ അങ്കിത ധ്യാനിക്ക് സ്വർണ്ണം. വനിതകളുടെ 2000 മീറ്റർ സ്റ്റീപ്പിൾചേസിലാണ് നേട്ടം. ഇതോടെ ഈ ഇനത്തിലെ ദേശീയ റെക്കോർഡ് ഒളിമ്പ്യൻ അങ്കിത മറികടന്നു.**

✪✪✪

**കേരള ക്രിക്കറ്റ് ലീഗ് രണ്ടാം സീസണ്  മുന്നോടിയായി  വൈകിട്ട് തിരുവനന്തപുരം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ സൗഹൃദ മത്സരം നടത്തും. സഞ്ജു സാംസൺ നയിക്കുന്ന KCA സെക്രട്ടറി ഇലവനും, സച്ചിൻ ബേബി നയിക്കുന്ന KCA പ്രസിഡന്റ് ഇലവനും തമ്മിലാണ് മത്സരം.  പ്രവേശനം സൗജന്യമായിരിക്കും.**

✪✪✪

**ധൻബാദ്-ആലപ്പുഴ ട്രെയിനിന്റെ ശുചിമുറിയിൽ നവജാത ശിശുവിന്റെ മൃതദേഹം കണ്ടെത്തി. ഇന്നലെ രാത്രി  ട്രെയിൻ ആലപ്പുഴ റെയിൽവെ സ്റ്റേഷനിൽ എത്തിയപ്പോഴാണ് എസ് -3 കോച്ചിലെ ശുചിമുറിയിൽ വേസ്റ്റ് ബിന്നിൽ ഉപേക്ഷിച്ച നിലയിൽ മൃതദേഹം കണ്ടത്.**

✪✪✪

**ധൻബാദ്-ആലപ്പുഴ ട്രെയിനിന്റെ ശുചിമുറിയിൽ നവജാത ശിശുവിന്റെ മൃതദേഹം കണ്ടെത്തി. ഇന്നലെ രാത്രി  ട്രെയിൻ ആലപ്പുഴ റെയിൽവെ സ്റ്റേഷനിൽ എത്തിയപ്പോഴാണ് എസ് -3 കോച്ചിലെ ശുചിമുറിയിൽ വേസ്റ്റ് ബിന്നിൽ ഉപേക്ഷിച്ച നിലയിൽ മൃതദേഹം കണ്ടത്.**

✪✪✪

---

*News Editor  : പി ചന്ദ്രബാബു*
*News Reader: ഫസ്ന ഫാത്തിമ*
*NRTs:,അനിൽ ചന്ദ്രൻ*
*DEO: ഷീബ*